(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കും പാചകംചെയ്ത് വിൽക്കുന്ന സ്ഥാപനങ്ങൾക്കും ലൈസൻസും രജിസ്ട്രേഷനും നിർബന്ധമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതിനടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) "സുരക്ഷിത ആഹാരം ജനങ്ങളുടെ അവകാശം" എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഭക്ഷണസാധനങ്ങളിൽ രുചി വർദ്ധക വസ്തുക്കളുടെയും രാസപദാർത്ഥങ്ങളുടെയും ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷാവകുപ്പ് രൂപീകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "രുചി" (RUCHI- Restrictive Use of Chemical and Harmful Ingredients)

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ ഭക്ഷ്യോത്പാദകർക്കും വ്യാപാരികൾക്കും ഘട്ടംഘട്ടമായി പരിശീലനം നൽകി ആയതിന് ഒരു സർട്ടിഫിക്കറ്റ് നൽകുകയും തുടർന്ന് ഇത്തരത്തിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്ന ഒരു ജീവനക്കാരൻ നിർബന്ധമായും ടി സ്ഥാപനത്തിൽ ഉണ്ടാകേണ്ടതാണെന്ന് നിബന്ധന ഏർപ്പെടുത്തുകവഴി ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം പൂർണ്ണതോതിൽ കൈവരുത്തുവാൻ കഴിയും.

(ഡി) പദ്ധതി നടപ്പാക്കാൻ എല്ലാ ജില്ലകളിലും ഭക്ഷ്യോത്പാദകർക്കും വ്യാപാരികൾക്കുമായുള്ള ടി പരിശീലന പദ്ധതിക്ക് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ ഇതിനകം തുടക്കം കുറിച്ചുകഴിഞ്ഞു.

സംസ്കരിച്ച ഭക്ഷണ പദാർത്ഥങ്ങളിലെ വിഷാംശം

66 (T 3497) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൾട്ടി നാഷണൽ കമ്പനികളുടെ സംസ്കരിച്ച ഭക്ഷണ പദാർത്ഥങ്ങളിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ അളവിൽ വിഷാംശങ്ങൾ ഉണ്ടെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഗുരുതരമായ ഇത്തരം പ്രവൃത്തികൾ നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെസ്ലെ കമ്പനി ഉത്പാദിപ്പിക്കുന്ന മാഗ്ഗി നൂഡിൽസിൽ അനുവദനീയമായ അളവിലും കൂടുതലായി ലെഡിന്റെയും അജിനോമോട്ടോയുടേയും സാന്നിധ്യ മുള്ളതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് പഠനം നടത്തിയിട്ടില്ല.

(സി) നെസ്ലെ കമ്പനി ഉത്പാദിപ്പിക്കുന്ന മാഗ്ഗി നൂഡിൽസിൽ അനുവദനീയമായ അളവിലും കൂടുതലായി ലെഡിന്റെയും അജിനോമോട്ടോയുടെയും സാന്നിധ്യ മുള്ളതായി പരിശോധനാഫലം ലഭിച്ചതിനെ തുടർന്ന് രാജ്യവ്യാപകമായി പ്രസ്തുത ഉത്പന്നം പിൻവലിക്കുവാൻ വേണ്ട നിർദ്ദേശം ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് സംസ്ഥാനത്ത് കർശനമായി നടപ്പാക്കുവാനും കൂടാതെ അത്തരത്തിലുള്ള മുഴുവൻ ഉത്പന്നങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുവാനും അനലറ്റിക്കൽ റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാനും വേണ്ട നിർദ്ദേശം എല്ലാ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർക്കും ഇതിനകം നൽകിയിട്ടുണ്ട്.

മാവേലിക്കര ജില്ലാ ആശുപത്രിയിലെ തസ്തികകളിലെ നിയമനം

67 (3498) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തികകളിൽ ഉൾപ്പെടെ നൽകിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും വിശദമായ വിവരം ലഭ്യമാക്കുമോ ;

(സി) ആശുപത്രി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly